# നമുക്ക് ശ്രവിക്കുകയും വിവേചിച്ചറിയുകയും ചെയ്യാം.

*ചുവടെ പറയുന്ന സവിശേഷതകളുള്ള ക്രിസ്തു കേന്ദ്രീകൃതമായ ഒരു സഭയാകാന് ദൈവം നമ്മെ എങ്ങനെയാണ് വിളിക്കുന്നത്:*



മിഷണറിയും സുവിശേഷീകരിക്കുന്നതും



എല്ലാവരെയും ഉള്ക്കൊള്ളുന്നതും, പങ്കാളിത്തമുള്ളതും സിനഡലും



വിനയമുള്ളതും, സൗഖ്യമേകുന്നതും, കരുണയുള്ളതും



പ്രാര്ത്ഥാപൂര്ണ്ണവും യൂക്കറിസ്റ്റിക്കും




ആഹ്ലാദമുള്ളതും, പ്രതീക്ഷാനിര്ഭരവുമായ ഒരു ദാസ്യ സമൂഹം



പരിവര്ത്തനത്തോടും പുതുക്കത്തോടും നവീകരണത്തോടും തുറന്നസമീപനമുള്ളത്

## *സ്വാഗതം*

Plenary Council 2020 നുള്ള തയ്യാറെടുപ്പിന്റെ രണ്ടാം ഘട്ടത്തില് പങ്കെടുക്കുന്നതിന് നിങ്ങള്ക്ക് നന്ദി. ഈ ഘട്ടത്തില്, കേള്ക്കുകയും സംഭാഷണം നടത്തുകയും ചെയ്യുന്നതില് നിന്ന് കേള്ക്കുകയും വിവേചിച്ചറിയുകയും ചെയ്യുന്നതിലേക്ക് നമ്മള് നീങ്ങുമ്പോള് ആത്മാവ് എന്താണ് പറയുന്നതെന്ന് കേള്ക്കുന്നത് നമ്മള് തുടരുകയാണ്.

ഇത് സാമൂഹികമായ വിവേചിച്ചറിയലിനു പകരം വ്യക്തിപരമായ വിവേചിച്ചറിയലിന്റെ ഒരു പ്രക്രിയയാണ്. അതിനാല്, ഒരു ഗ്രൂപ്പായി പ്രവര്ത്തിക്കാന് നാം വിളിക്കപ്പെട്ടിരിക്കയാണ്. ഇന്ന് നിങ്ങള് ഏര്പ്പെടാന് പോകുന്ന പ്രക്രിയ ആത്മീയ സംഭാഷണങ്ങളുടെ സമ്പ്രദായങ്ങളിന്മേല് കെട്ടിപ്പിടുത്തതാണ്. അത് പ്രാര്ത്ഥന, മനനം, പരസ്പരം പങ്കുവയ്ക്കല്, ദൈവത്തിന്റെ വഴിനടത്തല് അന്വേഷിക്കല് എന്നിവയുടെ ഒരു പ്രക്രിയയാണ്. ഓസ്ട്രേലിയയിലെ സഭയെ പരിശുദ്ധാത്മാവ് വഴിനടത്തുമ്പോള്, പങ്കെടുക്കുന്നതിനും ഒരുമിച്ച് വിവേചിച്ചറിയുന്നതിനും എല്ലാവര്ക്കും സ്വാഗതം.

---

*1ആത്മീയമായ സംഭാഷണങ്ങള് സാമൂഹികമായ വിവേചിച്ചറിയലിന്റെ പ്രക്രിയയുടെ ഒരു ഭാഗമാണ്. ഈ പേജുകളില് വരച്ചുകാട്ടിയിരിക്കുന്ന സമ്പ്രദായം പ്രാഥമികമായി എടുത്തിരിക്കുന്നത് ആത്മീയ വ്യായാമങ്ങളുടെ ഇഗ്നേഷ്യന് പാരമ്പര്യത്തില് നിന്നും അതുപോലെതന്നെ വിവേചിച്ചറിയലിന്റെ മറ്റ് സ്രോതസ്സുകളിലും സമ്പ്രദായങ്ങളില് നിന്നുമാണ്.*

# നമുക്ക് തയ്യാറെടുക്കാം

ഒരു ഗ്രൂപ്പ് എന്നുള്ള നിലയില്, വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയങ്ങളില്, നിങ്ങളുടെ ശ്രവിക്കലിന്റെയും വിവേചിച്ചറിയലിന്റെയും അനുഭവത്തിനായി നിങ്ങളുടെ ചെറിയ ഗ്രൂപ്പ് ശ്രദ്ധ കേന്ദ്രീകരിക്കാന് പോകുന്ന ഒരെണ്ണം തെരഞ്ഞെടുക്കുക.

ഗ്രൂപ്പിലുള്ള എല്ലാ ആളുകള്ക്കും ചുവടെ പറയുന്ന വിഭവങ്ങളുണ്ട് എന്ന് ഉറപ്പാക്കുക:

- സ്നാപ്ഷോട്ട് റിപ്പോര്ട്ട് അല്ലെങ്കില് നിങ്ങളുടെ തെരഞ്ഞെടുത്ത വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയത്തിനുള്ള അന്തിമ റിപ്പോര്ട്ടില് നിന്നുള്ള പ്രസക്തമായ ഭാഗം
- ശ്രവിക്കലിന്റെയും വിവേചിച്ചറിയലിന്റെയും വഴികാട്ടി
- വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയവുമായി ബന്ധപ്പെട്ട തിരുവചന ഭാഗം
- നോട്ട്പാഡും പേനയും/ പേഴ്സണല് ജേണല്

## ശ്രവിക്കലിന്റെയും വിവേചിച്ചറിയലിന്റെയും അനുഭവം




**സമയം/ദൈര്ഘ്യം** 2 – 2.5 മണിക്കൂര്.
**പങ്കെടുക്കുന്നവരുടെ എണ്ണം:** ഓരോ ഗ്രൂപ്പിനും പരമാവധി 10-12
**നിര്ദേശിക്കപ്പെട്ടിരിക്കുന്ന ലൊക്കേഷന്:** ശാന്തമായ ഏത് സ്ഥലവും

# നമുക്ക് ചേര്ന്നുവരികയും ഒരുമിച്ച് പ്രാര്ത്ഥിക്കുകയും ചെയ്യാം

1

## രാജ്യത്തെ മാനിക്കല്

നമ്മള് ജോലി ചെയ്യുകയും താമസിക്കുകയും ചെയ്യുന്ന ഭൂമിയുടെ പരമ്പരാഗത സൂക്ഷിപ്പുകാരെ നമ്മള് മാനിക്കുകയും ഭൂമിയോടും, ജലത്തോടും, സമൂഹത്തോടുമുള്ള അവരുടെ തുടര്ച്ചയായ ബന്ധത്തെയും നമ്മള് അംഗീകരിക്കുകയും ചെയ്യുന്നു. മുന്കാലങ്ങളിലെയും നിലവിലുള്ളതും ഇനി ഉയര്ന്നുവരാനിരിക്കുന്നതുമായ മുതിര്ന്നവര്ക്ക് നാം നമ്മുടെ ബഹുമാനങ്ങള് അര്പ്പിക്കുകയും അവരുടെ ത്യാഗത്തിനും മേല്നോട്ടത്തിനും അവരെ ആദരിക്കുകയും ചെയ്യുന്നു.

## ഒരുമിച്ചുള്ള പ്രാര്ത്ഥന

താഴെ നല്കിയിരിക്കുന്ന പ്രാര്ത്ഥന ഒരുമിച്ച് ചൊല്ലാന്, Plenary Council പ്രാര്ത്ഥന പ്രാര്ത്ഥിക്കാന് അല്ലെങ്കില് നിങ്ങളുടെ ഹൃദയത്തില് നിന്ന് സംസാരിക്കാന് നിങ്ങള്ക്ക് ആഗ്രഹമുണ്ടായേക്കാം. കൂടുതല് പ്രാര്ത്ഥനാ സ്രോതസ്സുകള് ഇവിടെ Plenary Council വെബ്പേജില് കാണുക: *https://plenarycouncil.catholic.org.au/resources/pray/*

✠കര്ത്താവേ,
നീ ഒരിക്കല് ഞങ്ങളോടു പറഞ്ഞു,
*'എന്റെ കുടുംബത്തിലെ അംഗങ്ങള് ആയിരിക്കുന്ന ഈ ഏറ്റവും ചെറിയവരില് ഒരുത്തനു നിങ്ങള് ചെയ്തതെല്ലാം, എനിക്ക് നിങ്ങല് ചെയ്തിരിക്കുന്നു.'*
വിശന്നിരിക്കുന്നവരോടും, ദാഹിച്ചിരിക്കുന്നവരോടും, നഗ്നരോടും, അസുഖത്തിലായിരിക്കുന്നവരോടും തടവിലായിരിക്കുന്നവരോടും ഞങ്ങളുടെ കണ്ണുകളെ തുറക്കണമേ.
സ്വാര്ത്ഥ-താല്പര്യത്തിന്റെയും, ഭയത്തിന്റെയും, മുന്വിധിയുടെയും കെട്ടുപാടുകളില് നിന്ന് ഞങ്ങളുടെ മനസ്സുകളെ സ്വതന്ത്രമാക്കണമേ.
നിന്റെ ജനത്തിന്റെ ആവശ്യങ്ങളെ തിരിച്ചറിയുന്നതിനും അവയോട് പ്രതികരിക്കുന്നതിനും ഞങ്ങളുടെ ഹൃദയങ്ങളെ ചലിപ്പിക്കണമേ.
ഞങ്ങളുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും സ്നേഹവും, സമാധാനവും, അനുകമ്പയും, നിസ്വാര്ത്ഥതയും കൊണ്ടുനിറയ്ക്കുന്നതിനായി നിന്റെ ആത്മാവിന്റെ ഫലങ്ങളെ ഞങ്ങള്ക്കായി തുറക്കണമേ.
ഞങ്ങളുടെ കര്ത്താവായ യേശു മുഖാന്തരം ഞങ്ങള് അപേക്ഷിക്കുന്നു.
ആമേന്.

5 മിനിട്ട്

2

# നമുക്ക് മനനം ചെയ്യാം

## *തിരുവചനം ശ്രവിക്കുന്നത്*

വിവേചിച്ചറിയലിനുള്ള ഓരോ ദേശീയ ചിന്താവിഷയത്തോടും ബന്ധപ്പെട്ടിരിക്കുന്ന തിരുവചനഭാഗം തെരഞ്ഞെടുക്കുക. മനന വേളയില് ഓരോ ഗ്രൂപ്പ് അംഗത്തിനും തുരുവചന ഭാഗം പ്രാപ്യമാണെന്ന് ഉറപ്പാക്കുക.

**1.** ഗ്രൂപ്പില് നിന്നുമുള്ള ഒരു വ്യക്തി തിരുവചന ഭാഗം ഉറക്കെ വായിക്കുന്നു.

**2.** 2 മിനിട്ട് നേരത്തെ നിശബ്ദതയ്ക്കു ശേഷം, ഗ്രൂപ്പില് നിന്നുള്ള രണ്ടാമത്തെ ഒരു വ്യക്തി തിരുവചന ഭാഗം വീണ്ടും ഉറക്കെ വായിക്കുന്നു.

## *വ്യക്തിപരമായ നിശബ്ദ മനനം*

***കുറഞ്ഞത്*** 20 മിനിട്ട് നേരത്തേക്ക്, നിശബ്ദമായി വ്യക്തിപരമായി മനനം ചെയ്യുന്നതിനും, നിങ്ങള് കേട്ട തിരുവചന ഭാഗത്തോടൊപ്പം പ്രാര്ത്ഥിക്കുന്നതിനും, നിങ്ങളുടെ ഗ്രൂപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിവേചിച്ചറിയലിന്റെ ദേശീയ ചിന്താവിഷയത്തെ കുറിച്ചുള്ള വിവരങ്ങള് മനനം ചെയ്യുകയും ചെയ്യുക.

നിശബ്ദതയുടെ ഈ സമയത്ത്, ചുവടെയുള്ള ചോദ്യങ്ങള് പരിഗണിക്കുക. നിങ്ങള്ക്ക് എഴുതുന്നതിനോ, വരയ്ക്കുന്നതിനോ, നിങ്ങളുടെ ചിന്തകളുമായി വെറുതെ ശാന്തമായി ഇരിക്കുന്നതിനും ആഗ്രഹം ഉണ്ടായേക്കാം.

*ഈ തിരുവചന ഭാഗത്തിലും നിങ്ങള് വായിക്കുന്ന കാര്യങ്ങളിലും എങ്ങനെയാണ് ദൈവം നിങ്ങളോട് സംസാരിക്കുന്നത്?*

*നിങ്ങളെ ആകര്ഷിച്ച വാക്കുകളും ശൈലികളും എന്തെല്ലാമാണ്?*

*നിങ്ങള്ക്ക് എങ്ങനെ അനുഭവപ്പെടുന്നു?*

20 മിനിട്ട്

# നമുക്ക് പങ്കുവയ്ക്കുകയും ശ്രവിക്കുകയും ചെയ്യാം

3

## ആത്മീയ സംഭാഷണങ്ങള്

ആത്മീയ സംഭാഷണങ്ങലുടെ സമ്പ്രദായം എടുത്തിരിക്കുന്നത് ഇഗ്നേഷ്യന് പാരമ്പര്യത്തില് നിന്നാണ്. അത് സാമുദായിക വിവേചിച്ചറിയല് പ്രക്രിയയുടെ ഒരു ഭാഗമാണ്. അത് ആളുകളുടെ ഗ്രൂപ്പുകള്ക്ക് ദൈവത്തെ കേള്ക്കാനും പരസ്പരം ശ്രവിക്കാനും ഒരു മാര്ഗ്ഗം പ്രദാനം ചെയ്യുന്നു. അത് ആത്മാവിന്റെ ശബ്ദം കേള്ക്കുന്നതിന് നമുക്കുള്ള ഒരു മാര്ഗ്ഗമാണ്.

വ്യക്തിപരമായ നിശബ്ദ മനനത്തിനുള്ള നിങ്ങളുടെ സമയത്തിനു ശേഷം, ഒരു ഗ്രൂപ്പായി വീണ്ടും ഒരുമിച്ച് കൂടി വട്ടത്തില് ഇരിക്കുക.

## പങ്കുവയ്ക്കലും ശ്രവിക്കലും, റൗണ്ട് 1

വൃത്തത്തിലെ ഓരോ വ്യക്തിയും നിങ്ങളുടെ വ്യക്തിപരമായ പ്രാര്ത്ഥനയുടെ ഫലങ്ങള് ഗ്രൂപ്പുമായി ഒച്ചത്തില് പങ്കുവയ്ക്കുന്നതിനായി 2-3 മിനിട്ടുകള് എടുക്കുകയും, ചുവടെയുള്ള ലീഡ്-ഇന് പ്രസ്താവനകള് ഉപയോഗിക്കുന്നതില് നിങ്ങള്ക്ക് എങ്ങനെ തോന്നുന്നു എന്ന് പറയുകയും ചെയ്യുക.

ഗ്രൂപ്പിലുള്ള ആര്ക്കും ആരംഭിക്കാം, അടുത്തതായി അയാളുടെ തൊട്ട് ഇടതുവശത്ത് ഇരിക്കുന്ന വ്യക്തി പങ്കുവയ്ക്കുന്നതാണ്. ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും തങ്ങളുടെ ഊഴം ലഭിക്കുന്നത് വരെ പ്രദക്ഷിണദിശയില് വൃത്തത്തിനു ചുറ്റും തുടരുക.

മറ്റുള്ളവര് സംസാരിക്കുമ്പോള്, വിനയമുള്ള ഒരു തുറന്ന ഹൃദയത്തോടെ ശ്രവിക്കാന് ഓര്ക്കുക.

> “ഇന്നത്തെ എന്റെ പ്രാര്ത്ഥനയില്.....
> എനിക്ക് അനുഭവപ്പെടുന്നത്....”

ഓരോ വ്യക്തിക്കും 3 മിനിട്ട്

## മനനം ചെയ്യുക

ഓരോരുത്തരും പങ്കുവച്ചു കഴിഞ്ഞാല്, മൊത്തം ഗ്രൂപ്പും 5 മിനിട്ട് നിശബ്ദമായി മനനം ചെയ്യുന്നതാണ്. ഈ സമയത്ത്, നിങ്ങളുടെ ഗ്രൂപ്പിലുള്ള ആളുകള് പറയുന്നത് എന്താണ് നിങ്ങള് കേട്ടത് എന്നതിനെ കുറിച്ച് ചിന്തിക്കുകയും, നിങ്ങളോടു തന്നെ ചോദിക്കുകയും ചെയ്യുക: *ഞങ്ങളോട് പരിശുദ്ധാത്മാവ് പറയുന്നത് എന്താണ് ഞാന് കേള്ക്കുന്നത്?”*

5 മിനിട്ട്



# പങ്കുവയ്ക്കലും ശ്രവിക്കലും, റൗണ്ട് 2

തങ്ങളുടെ മനനത്തില് നിന്ന് ഗ്രൂപ്പുമായി പങ്കുവയ്ക്കുന്നതിന് വ്യത്തത്തിലെ ഓരോ വ്യക്തിയും 2 മിനിട്ട് വീതം എടുക്കുന്നു. ഗ്രൂപ്പിന്റെ ശബ്ദങ്ങളില് ആത്മാവ് പറയുന്നതായി നിങ്ങള് കേട്ടത് എന്താണ്? ചുവടെയുള്ള പ്രസ്താവനകള് ഉപയോഗിക്കുക.

പങ്കുവയ്ക്കുന്ന ഈ സമയത്ത്, സംഭാഷണത്തോട് പുതുതായി ഒന്നും കൂട്ടിച്ചേര്ക്കരുത് - ഇതിനോടം പങ്കുവച്ചതില് നിങ്ങള് കേട്ടതിനോടുള്ള നിങ്ങളുടെ പ്രതികരണം മാത്രം.

> “ഈ ഗ്രൂപ്പിലെ ശബ്ദങ്ങളിലൂടെ പരിശുദ്ധാത്മാവിനെ ശ്രവിച്ചപ്പോള് , ഞാന് കേട്ടത്.....”
> “അതിലൂടെ എനിക്ക് തോന്നിയത്....”

15 മിനിട്ട്

# മനനം ചെയ്യുക

ഓരോരുത്തരും പങ്കുവച്ചു കഴിഞ്ഞാല്, മൊത്തം ഗ്രൂപ്പും 5 മിനിട്ട് നിശബ്ദമായി മനനം ചെയ്യുന്നതാണ്. ഈ സമയത്ത്, നിങ്ങള്ക്ക് എന്താണ് തോന്നുന്നത് എന്നതിനെയും, പ്രാര്ത്ഥനയുടെയും ശ്രവിക്കലിന്റെയും ഇന്നത്തെ നിങ്ങളുടെ അനുഭവത്തെയും കുറിച്ച് ചിന്തിക്കുക. നിങ്ങളോടു തന്നെ ചോദിക്കുക: *ഓസ്ട്രേലിയയിലെ ഒരു ക്രിസ്തു കേന്ദ്രീകൃത സഭയാകാന് ദൈവം നമ്മെ വിളിക്കുന്നത് എങ്ങനെയാണ്, അതായത് (വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയം)?*

5 മിനിട്ട്

# പങ്കുവയ്ക്കലും ശ്രവിക്കലും, റൗണ്ട് 3

പങ്കുവയ്ക്കലിനും ശ്രവിക്കലിനുമുള്ള ഈ മൂന്നാം റൗണ്ട്, മുമ്പുള്ള രണ്ട് റൗണ്ടുകളുടെയും അത്ര സംഘടിത സ്വഭാവത്തിലുള്ളതല്ല. തുറന്ന സംഭാഷണത്തിന്റെ ഉദ്ദേശ്യം, നിങ്ങളുടെ ഓരോരുത്തരുടെയും പരസ്പരമുള്ള ഇടപെടലിന്റെ ആഴം വര്ദ്ധിപ്പിക്കുക എന്നതാണ്. സംസാരിക്കാന് ആഗ്രഹിക്കുന്ന ഏത് വ്യക്തിയെയും പങ്കുവയ്ക്കാന് ക്ഷണിക്കുന്നു. ഈ സമയത്ത്, മറ്റാരെങ്കിലും സംസാരിക്കുമ്പോള് ആഴത്തില് ശ്രവിയ്ക്കാന് ഓര്ക്കുകയും ദയയുള്ള ഒരു തുറന്ന മനസ്സോടെ സംഭാഷണത്തോട് പ്രതികരിക്കാനും ഓര്ക്കുക.

നിങ്ങള്ക്ക് ഇന്ന് അനുഭവപ്പെട്ട എല്ലാക്കാര്യങ്ങളുടെയും വെളിച്ചത്തില്, നിങ്ങളുടെ ചിന്തകളും വികാരങ്ങളും ഗ്രൂപ്പുമായി പങ്കുവയ്ക്കുക. പങ്കുവയ്ക്കുമ്പോള്, ഈ വാക്കുകളുമായി ആരംഭിക്കാന് നിങ്ങള് ആഗ്രഹിച്ചേക്കാം.

> ഇന്നത്തെ എന്റെ പ്രാര്ത്ഥനയില് നിന്നും, ഗ്രൂപ്പിന്റെ ശബ്ദങ്ങള് ശ്രവിച്ചതില് നിന്നും എനിക്ക് തോന്നുന്നത് .......

15 മിനിട്ട്

സമയം പാകമാകുമ്പോള്, പങ്കുവച്ചതിന് ഓരോരുത്തരോടും നന്ദി പറഞ്ഞുകൊണ്ട് സംഭാഷണം അവസാനിപ്പിക്കുകയും, ഒരു ചെറിയ ഇടവേള ആസ്വദിക്കാന് ഓരോരുത്തരെയും ക്ഷണിക്കുകയും ചെയ്യുക. ഇടവേളയ്ക്കു ശേഷം തിരികെ ഒരുമിച്ച് കൂടിവരാനുള്ള സമയം കുറിക്കാന് ഓര്ക്കുക.

# ഇടവേള സമയം

15 മിനിട്ട്

# നമുക്ക് ദേശീയമായി ചിന്തിക്കാം

4

## മനനം ചെയ്യുക

മൊത്തം ഗ്രൂപ്പും 5 മിനിട്ട് നേരത്തേക്ക് നിശബ്ദമായി മനനം ചെയ്യുന്നു. ഈ സമയത്ത്, ഇന്ന് നിങ്ങള് ഊന്നല് നല്കിയ ചിന്താവിഷയപരമായ രംഗത്ത് മുന്നോട്ടു നീങ്ങുന്നതിന് സ്വീകരിക്കാനാവുന്ന മൂര്ത്തവും പ്രായോഗികവുമായ ചുവടുകളെ കുറിച്ച് ചിന്തിക്കുക.

5 മിനിട്ട്

*ഉദാഹരണത്തിന്: യുവാക്കളെ പങ്കെടുപ്പിക്കുന്നതിനുള്ള പങ്കാളിത്തപരവും സിനഡലുമായ മാര്ഗ്ഗങ്ങളെ കുറിച്ചാണ് നിങ്ങള് വിവേചിച്ചറിഞ്ഞതെങ്കില്, യുവാക്കളായ മാതാപിതാക്കള്ക്കുള്ള സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള പരസ്പര ബന്ധപ്പെടുന്നതിനുള്ള ഒരു നെറ്റ്വര്ക്ക് രൂപീകരിക്കുന്നതിനെ കുറിച്ച് അല്ലെങ്കില് യുവാക്കളുടെ മാനസികാരോഗ്യം, ബിയോണ്ട് ബ്ലൂവുമൊത്തുള്ള സഭാ പങ്കാളിത്തം എന്നിവയെ പിന്തുണയ്ക്കുന്ന ഒരു ഓണ്ലൈന് ഫെയ്ത്ത് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നത് അന്വേഷിക്കുക. ചുവടെയുള്ള ചോദ്യങ്ങള് പരിഗണിക്കുകയും നിങ്ങളുടെ ആശയങ്ങള് ഒരു കടലാസിലോ പോസ്റ്റ്-ഇറ്റ് നോട്ടുകളിലോ എഴുതിയിടുകയും ചെയ്യുക*

- ഓസ്ട്രേലിയയിലെ ഒരു ക്രിസ്തു കേന്ദ്രീകൃത സഭയാകാന് ദൈവം നമ്മെ വിളിക്കുന്നത് എങ്ങനെയാണ്, (വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയം)?
- പരീക്ഷിച്ചുനോക്കേണ്ടതാണെന്ന് നിങ്ങള്ക്ക് അവബോധമുള്ള പ്രാദേശികമോ, ദേശീയമോ, അല്ലെങ്കില് ആഗോളമോ ആയുള്ള നല്ല ശീലം അല്ലെങ്കില് പരിപാടികളുടെ ചില ഉദാഹരണങ്ങള് ഏതാണ്?

## പങ്കുവയ്ക്കലും ശ്രവിയ്ക്കലും

10 മിനിട്ട്

വൃത്തത്തിലെ ഓരോ വ്യക്തിയും തങ്ങളുടെ ആശയങ്ങള് ഗ്രൂപ്പില് പങ്കുവയ്ക്കുന്നതിന് 2-3 *മിനിട്ടുകള് എടുക്കുക. നിങ്ങള് പോസ്റ്റ്-ഇറ്റ് നോട്ടുകള് ഉപയോഗിച്ചു എങ്കില്, നിങ്ങള് അവയെ കുറിച്ച് സംസാരിക്കുമ്പോള് അവ ഗ്രൂപ്പിന്റെ മദ്ധ്യത്തില് വയ്ക്കുക.*

ഗ്രൂപ്പിലുള്ള ആര്ക്കും ആരംഭിക്കാം, അടുത്തതായി അയാളുടെ തൊട്ട് ഇടതുവശത്ത് ഇരിക്കുന്ന വ്യക്തി പങ്കുവയ്ക്കുന്നതാണ്. ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും തങ്ങളുടെ ഊഴം ലഭിക്കുന്നത് വരെ പ്രദക്ഷിണദിശയില് വൃത്തത്തിനു ചുറ്റും തുടരുക.

മറ്റുള്ളവര് തങ്ങളുടെ ആശയങ്ങള് പങ്കുവയ്ക്കുമ്പോള്, വിനയമുള്ള ഒരു തുറന്ന ഹൃദയത്തോടെ ശ്രവിയ്ക്കാന് ഓര്ക്കുക. തങ്ങളുടെ ആശയം പങ്കുവയ്ക്കുന്ന വ്യക്തിയോട് മനസ്സിലാക്കലിനായി നിങ്ങള്ക്ക് ചോദിക്കാവുന്നതാണ്. വിമര്ശനത്തെ പ്രതിലോധിക്കുന്നു എന്ന് തീര്ച്ചയാക്കുക.

## തീരുമാനത്തിലേക്കുള്ള ഗ്രൂപ്പ് ചര്ച്ച

20 മിനിട്ട്

ഓരോരുത്തരും പ്രവര്ത്തനത്തിനായുള്ള തങ്ങളുടെ ആശയങ്ങള് പങ്കുവച്ചുകഴിഞ്ഞാല്, നിങ്ങളുടെ ഗ്രൂപ്പിന്റെ ചുമതല, ചിന്താവിഷയത്തിന്റെ ഡിസേണ്മെന്റ് ആന്ഡ് റൈറ്റിംഗ് ഗ്രൂപ്പിന്, ഗ്രൂപ്പിന്റെ സമര്പ്പണം ആകാനാവുന്ന, ഉരുത്തിരിയുന്ന 2 അല്ലെങ്കില് 3 പ്രവൃത്തികള് കണ്ടെത്തുക എന്നതാണ്.

നിങ്ങളുടെ ഗ്രൂപ്പിന്റെ വിവേചനത്തിന് വഴികാട്ടുന്ന ചില ചോദ്യങ്ങള് ചുവടെ നല്കിയിരിക്കുന്നു:

*വിളിക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് ശക്തമായി തോന്നുന്ന നടപടികള് എന്തെല്ലാമാണ്?*

*ഒരു ക്രിസ്തു കേന്ദ്രീകൃത സഭയാകുന്നതിലേക്ക് നീങ്ങാന് നമ്മെ ശരിക്കും സഹായിക്കാനാവുന്നത് പ്രവൃത്തികള് എന്താണ് (വിവേചിച്ചറിയലിനുള്ള ദേശീയ ചിന്താവിഷയം ചേര്ക്കുക)?*

*ആത്മാവ് നമ്മെ വിളിക്കുന്ന ഏറ്റവും സ്നേഹമുള്ള പ്രതികരണം എന്താണ്?*

ഓര്ക്കുക, ഈ പ്രവൃത്തികള് ചുവടെ പറയുന്ന പ്രകാരമായിരിക്കണം:

- വ്യക്തം
- ഒരു പോസിറ്റീവ് ആയി പ്രസ്താവിച്ചിരിക്കുന്നത്
- സാദ്ധ്യമാകുന്നിടത്തോളം സവിശേഷമായത്
- വാസ്തവമായ ഒരു നടപടി (പ്രായോഗികം, കൈവരിക്കാനാവുന്നത്, അളക്കാനാവുന്നത്)

ചര്ച്ചയില് ഉരുത്തിരിഞ്ഞ ആവിര്ഭവിക്കുന്ന 2 അല്ലെങ്കില് 3 പ്രവര്ത്തനങ്ങള് കുറിച്ചെടുക്കുക. **ഈ സെഷന്റെ അവസാനത്തില്, നിങ്ങളുടെ ഗ്രൂപ്പിന് ഇവ വിവേചിച്ചറിയുന്ന ചിന്താവിഷയത്തിന്റെ ഡിസേണ്മെന്റ് ആന്ഡ് റൈറ്റിംഗ് ഗ്രൂപ്പിന് സമര്പ്പിക്കാവുന്നതാണ്.**

## *മനനം ചെയ്യുക*

5 മിനിട്ട്

വിവേചിച്ചറിയലിന്റെ ഒരു സുപ്രധാന ഭാഗം നമ്മുടെ ഓരോരുത്തരുടെയും ഉള്ളില് ദൈവത്തിന്റെ ശബ്ദം കേള്ക്കുക എന്നതാണ്. ഇതിന്റെ അര്ത്ഥം നമുക്ക് എങ്ങനെ തോന്നുന്നു എന്നു നാം ശ്രദ്ധിക്കണം എന്നുള്ളതാണ്.

നിങ്ങളുടെ ഗ്രൂപ്പിന്റെ പ്രതികരണം സമര്പ്പിക്കുന്നതിനു മുമ്പ്, മനനം ചെയ്യുന്നതിന് കുറച്ച് സമയം എടുക്കുകയും, ഗ്രൂപ്പ് കണ്ടെത്തിയ ഉരുത്തിരിയുന്ന പ്രവര്ത്തനങ്ങളെ കുറിച്ച് വ്യക്തിപരമായി പ്രാര്ത്ഥിക്കുകയും ചെയ്യുക. സാന്ത്വനത്തിന്റെ - നിങ്ങളുടെ തീരുമാനത്തെ കുറിച്ച് നിങ്ങളുടെ ഹൃദയത്തിന്റെ സമാധാനത്തിന്റെ അല്ലെങ്കില് പൂര്ണ്ണതയുടെ ഒരു തോന്നലിനായി ദൈവത്തോട് ചോദിക്കുക.

*മ്മുടെ നിര്ദ്ദിഷ്ട പ്രവര്ത്തനങ്ങളെ, നമ്മുടെ ഗ്രൂപ്പിന്റെ ചര്ച്ചയെ കുറി*
*എനിക്ക് എന്താണ് തോന്നുന്നത്?*

5

# നമുക്ക് പ്രാദേശികമായി ചിന്തിക്കാം

20 മിനിട്ട്

ഇനിയും കുറച്ച് സമയം എടുക്കുകയും, നിങ്ങളുടെ സ്വന്തം ജീവിതങ്ങളിലും, ഇടവകകളിലും, സമൂഹങ്ങളിലും അല്ലെങ്കില് നിങ്ങളുടെ പ്രാദേശിക അയല്പക്കത്തിന്റെ മറ്റ് ഭാഗങ്ങളില്, പ്രാദേശികമായി പ്രവര്ത്തിക്കാനാവുന്ന ഏതെങ്കിലും ആശയങ്ങള് ഒരു ഗ്രൂപ്പായി ചര്ച്ച ചെയ്യുകയും ചെയ്യുക.

ആര്ക്കാണ് പ്രാദേശികമായി സഹകരിക്കാനാവുന്നത് എന്നതിനെ കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ഇടവക വികാരിയോട് സംസാരിക്കാം അല്ലെങ്കില് സ്കൂളിലെ പ്രിന്സിപ്പാള് അല്ലെങ്കില് പേരന്റ് ലീഡര് അല്ലെങ്കില് പ്രാദേശിക യുവജന നേതാക്കളുമായി നിങ്ങളുടെ നിര്ദ്ദിഷ്ട ആശയങ്ങളെ കുറിച്ച് നിങ്ങള്ക്ക് സംസാരിക്കാം.

ഈ ഭാഗം, ദൈവത്തിന്റെ ദൗത്യത്തിനായി സുവിശേഷത്തിനു പുറത്ത് വിശ്വാസം പ്രാവര്ത്തികമാക്കുന്നതിനുള്ള നിങ്ങളുടെ വിളിയാണ്

*നമ്മുടെ പ്രാദേശിക വിശ്വാസ സമൂഹത്തെ പരിപോഷിപ്പിക്കാന് നമുക്ക് എന്ത് ആശയങ്ങളാണുള്ളത്?*



# നമുക്ക് നന്ദി കരേറ്റാം

6

താഴെ നല്കിയിരിക്കുന്ന പ്രാര്ത്ഥന ഒരുമിച്ച് ചെ ാല്ലാന്, Plenary Council പ്രാര്ത്ഥന പ്രാര്ത്ഥിക്കാന്, അല്ലങ്കെില് നിങ്ങളുടെ ഹൃദയത്തില് നിന്ന് സംസാരിക്കാന് നിങ്ങള്ക്ക് ആഗ്രഹമുണ്ടായകേ്കാം.

5 മിനിട്ട്

കൃപാനിധിയായ ദവൈമേ,
വിവചേിക്കലിന്റെ നമ്മുടെ അനുഭവത്തിലൂടെ,
മറ്റുള്ളവരുടെ ശബ്ദത്തില് പരിശുദ്ധാത്മാവിനെ
കള്േക്കുന്നതിനും, നമ്മുടെ സ്വന്തം ആഗ്രഹം,
അഭിലാഷങ്ങള്, ഭയങ്ങള്, മുന്വിധികള് എന്നിവയെ
വല്െലുവിളിക്കുന്നതിനും, നിന്റെ ആഗ്രഹത്തേ ാട്
തുറന്ന മനസ്സേ ാടെ ഇരിക്കുന്നതിനും നമ്മെ
ഓരേ ാരുത്തരയെും നീ ക്ഷണിച്ചു

കര്ത്താവായ യശേുവേ, നിന്നയെും ഞങ്ങളുടെ
അയല്ക്കാരയെും നമ്മുടെ ശരിയായ സ്വയത്തയെും
എങ്ങനെ ഏറ്റവും നന്നായി മാനിക്കുകയും
സവേിക്കുകയും ചയ്െയാം എന്ന് ഞങ്ങള്ക്ക്
വ്യക്തമായി കാണനാവും വിധം ഞങ്ങളുടെ
വളെിച്ചത്തിന്റയെും, സത്യത്തിന്റയെും
ജീവിതത്തിന്റയെും ദീപസ്തംഭമായി ഞങ്ങളെ
നയിക്കുന്നതിന് നിങ്ങള്ക്ക് നന്ദി.

ഇന്നത്തെ ഞങ്ങളുടെ തീരുമാനങ്ങള്
നിങ്ങളേ ാടും വിശ്വാസത്തേ ാടും,
ഞങ്ങളില് നിനക്കുള്ള വിശ്വാസത്തേ ാടും
സത്യസന്ധമായിരുന്നു എന്ന് ഞങ്ങള്
പ്രാര്ത്ഥിക്കുന്നു.

ഈ അനുഭവത്തിലൂടെ, ഞങ്ങള് ഒരുമിച്ച്
മുന്നേ ാട്ടുപേ ാകുമ്പേ ാള് ഞങ്ങളില്
ഓരേ ാരുത്തരിലും നിന്റെ വിശുദ്ധ
സഭയിലും ആനന്ദത്തിന്റയെും, ആഴത്തിലുള്ള
വിശ്വാസത്തിന്റയെും, കൂടുതല്
പ്രത്യാശയുടയെും വിശ്വാസത്തിന്റയെും,
കൂടുതല് സ്നഹേത്തിന്റയെും
സമാധാനത്തിന്റയെും, കൂടുതല്
ധരൈ്യത്തിന്റയെും അനുകമ്പയുടയെും,
അനുഭവങ്ങള് പരിശുദ്ധാത്മാവ് പകര്ന്നു
തരുമാറാകട്ടെ.
ആമേൻ ✠

# നമുക്ക് പ്രതികരിക്കാം

7

നിങ്ങളുടെ ഗ്രൂപ്പിന്, നിങ്ങളുടെ സമൂഹ വിവേചിച്ചറിയലിന്റെ പരിണിതഫലങ്ങള് (പരമാവധി 150 വാക്കുകള്), നിങ്ങളുടെ ഗ്രൂപ്പില് നിങ്ങള് ശ്രദ്ധ കേന്ദ്രീകരിച്ച വിവേചിച്ചറിയലിനുള്ള അതേ ദേശീയ ചിന്താവിഷയം പരിഗണിച്ച ഡിസേണ്മെന്റ് ആന്ഡ് റൈറ്റിംഗ് ഗ്രൂപ്പിന് അയച്ചുകൊടുക്കാവുന്നതാണ്. ഡിസേണ്മെന്റിനു കീഴില് Plenary Council വെബ്പേജിന്റെ ലിങ്ക് നിങ്ങള്ക്ക് കാണാനാവും.
*https://plenarycouncil.catholic.org.au/listening-and-discernment/*

ദൈവം നമ്മെ വിളിക്കുന്ന ഭാവിയിലേക്ക് നാം മുന്നോട്ട് നീങ്ങുമ്പോള് Plenary Council പ്രക്രിയയില് ഏര്പ്പെടുന്നത് തുടരുന്നതിന് താങ്കള്ക്ക് ആത്മാര്ത്ഥമായ നന്ദി.

**Plenary Council Facilitation Team**

PO Box 747
North Sydney NSW 2059
ഇമെയില്: plenary.council@catholic.org.au
www.plenarycouncil.catholic.org.au